## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 394** **01.12.2015-ൽ മറുപടിയ്ക്ക്**

## ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പുതുതായി ആവിഷ്ക്കരിച്ചിരിക്കുന്ന ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി യിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 485.37 കോടി രൂപയുടെ പദ്ധതി തുകയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള വിശദ പദ്ധതി രൂപ രേഖ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജനവിഭാഗങ്ങൾക്ക് വേണ്ടിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാ ക്കുമോ ; | (ബി) ഗ്രാമ പ്രദേശത്തെ വൈദ്യുതി ശൃംഖലയുടെ പൊതുവായ നവീകരണ-വിപുലീകരണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതോടൊപ്പം ബി.പി.എൽ വിഭാഗക്കാർക്കുള്ള സൗജന്യ വൈദ്യുതി കണക്ഷനുകളും ലക്ഷ്യമിടുന്നു. |
| (സി) ഇതിനുള്ള കേന്ദ്ര - സംസ്ഥാന വിഹിതം എത്രയെന്ന് വ്യക്തമാ ക്കുമോ ? | (സി) ആകെ പദ്ധതി തുക — 485.37 കോടി രൂപ<br>60% - കേന്ദ്രസർക്കാർ ഗ്രാന്റ്<br>30% - പദ്ധതി നടത്തിപ്പിനുവേണ്ടി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും എടുക്കാവുന്ന ലോൺ തുക<br>10% - കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/ സംസ്ഥാന വിഹിതം |

**സെക്ഷൻ ഓഫീസർ.**